## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1240** — 31.10.2019-ൽ മറുപടിക്ക്

### നാഷണൽ ഹൈവേ 766 ൽ കുന്ദമംഗലം ജംഗ്ഷനിൽ ബൈപ്പാസ്

**ചോദ്യം**

**ശ്രീ.പി.ടി.എ. റഹീം**

(എ) നാഷണൽ ഹൈവേ 766 ൽ കുന്ദമംഗലം ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചത് ഏത് സ്ഥാപനത്തെയാണെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തി എത്ര ഘട്ടമായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; ഓരോ ഘട്ടത്തിലും എത്ര രൂപ വീതമാണ് ചെലവ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒന്നാം ഘട്ടത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം വരാനുള്ള കാരണം വിശദമാക്കാമോ; പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും — കുന്ദമംഗലം ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് ബൈപ്പാസ് എന്ന പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിക്കപ്പെടാത്തതിനാൽ ദേശീയപാതയുടെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി (ഫേസ് 1 - പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് - 62.15 കോടി രൂപ, ഫേസ് 2 - ഉണ്ടോടിക്കടവ് - പടനിലം - 24.90 കോടി രൂപ, ഫേസ് 3 - പണ്ടാരപ്പറമ്പ് - കാരന്തൂർ 96.40 കോടി രൂപ) ചെയ്യുന്നതിന് ആകെ 183.45 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് ആർ.ബി.ഡി.സി.കെ നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ